അനീസ് ഫാറൂഖി

# കേരളാ, കാലിക്കറ്റ് വാഴ്സിറ്റി തെരഞ്ഞെടുപ്പ്: എസ്.ഐ.ഒവിന് ചരിത്ര മുന്നേറ്റം

**നവംബർ** 29-ന് നടന്ന കാലിക്കറ്റ് യൂനിവേഴ്സിറ്റി, 30-ന് നടന്ന കേരളാ യൂനിവേഴ്സിറ്റി യൂനിയൻ തെരഞ്ഞെടുപ്പുകളിൽ എസ്.ഐ.ഒ ആവേശകരമായ മുന്നേറ്റം കാഴ്ചവെച്ചു. കാലിക്കറ്റ്, കേരളാ യൂനിവേഴ്സിറ്റികൾക്ക് കീഴിലുള്ള രണ്ട് കോളേജുകളിൽ യൂനിയൻ ഭരണം എസ്.ഐ.ഒ നേടി. കാലിക്കറ്റ് യൂനിവേഴ്സിറ്റിക്ക് കീഴിലെ വിവിധ കോളേജുകളിലായി 28 ജനറൽ സീറ്റുകളും 22 അസോസിയേഷൻ/റെപ്പ് സ്ഥാനങ്ങളും എസ്.ഐ.ഒ കരസ്ഥമാക്കി. കേരളാ യൂനിവേഴ്സിറ്റിക്ക് കീഴിൽ നാല് ജനറൽ സീറ്റുകളും മൂന്ന് അസോസിയേഷൻ/റെപ്പ് സ്ഥാനങ്ങളും നേടി. തിരുവനന്തപുരം നാഷ്നൽ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, കോട്ടക്കൽ ഫാറൂഖ് ആർട്സ് ആന്റ് സയൻസ് കോളേജ് എന്നിവിടങ്ങളിലാണ് എസ്.ഐ.ഒ യൂനിയൻ കരസ്ഥമാക്കിയത്. കാലിക്കറ്റ് യൂനിവേഴ്സിറ്റിയിലേക്ക് എട്ട് കൗൺസിലർമാരെയും കേരളാ യൂനിവേഴ്സിറ്റിയിലേക്ക് രണ്ട് കൗൺസിലർമാരെയും അയക്കാൻ എസ്.ഐ.ഒവിന് സാധിച്ചു. കേരളാ യൂനിവേഴ്സിറ്റിയിൽ ആദ്യമായാണ് എസ്.ഐ.ഒ കൗൺസിലർമാർ തെരഞ്ഞെടുക്കപ്പെടുന്നത്.

മുൻവർഷങ്ങളെ അപേക്ഷിച്ച്, മത്സരിച്ച എല്ലാ ഇടങ്ങളിലും വോട്ടിംഗ് നിലയിൽ എസ്.ഐ.ഒ വൻ കുതിച്ചു ചാട്ടമാണ് നടത്തിയത്. മീഞ്ചന്ത ആർട്സ് ആന്റ് സയൻസ് കോളേജ്, തിരുവനന്തപുരം യൂനിവേഴ്സിറ്റി കോളേജ്, ആലപ്പുഴ എസ്.ഡി കോളേജ് എന്നിവിടങ്ങളിൽ എസ്.ഐ.ഒവും എസ്.എഫ്.ഐയും നേരിട്ടായിരുന്നു മത്സരം.

എസ്.എഫ്.ഐ ഫാഷിസം കൊടികുത്തിവാഴുന്ന കാമ്പസുകളിൽ ധീരമായി മത്സരരംഗത്ത് ഉറച്ചുനിൽക്കാൻ എസ്.ഐ.ഒ പ്രവർത്തകർക്ക് കഴിഞ്ഞു. തിരുവനന്തപുരം യൂനിവേഴ്സിറ്റി കോളേജ്, മൊകേരി ഗവ. കോളേജ്, മീഞ്ചന്ത കോളേജ്, എസ്.ഡി കോളേജ് എന്നിവിടങ്ങളിൽ ഭീഷണിയും ഗുണ്ടകളെ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളുമായാണ് എസ്.എഫ്.ഐ, എസ്.ഐ.ഒവിനെ നേരിട്ടത്. വർഗീയ-തീവ്രവാദ ആരോപണങ്ങളുമായി പ്രസ്ഥാനത്തെ അപകീർത്തിപ്പെടുത്താനും ശ്രമങ്ങളുണ്ടായി. ആലപ്പുഴ എസ്.ഡി കോളേജിൽ എസ്.എഫ്.ഐ സംസ്ഥാന പ്രസിഡന്റ് ക്യാമ്പ് ചെയ്ത് ജമാഅത്തെ ഇസ്‌ലാമിക്കെതിരായ കള്ള പ്രചാരണങ്ങൾ നടത്തി. ക്ലാസ്സിൽ കയറി വാതിലുകൾ സാക്ഷയിട്ടാണ് എസ്.എഫ്.ഐ ഇവിടെ വിദ്യാർഥികളെ മതേതരത്വവും ജനാധിപത്യവും പഠിപ്പിച്ചത്. എസ്.ഐ.ഒ സംസ്ഥാന കാമ്പസ് സെക്രട്ടറി യു. ഷൈജു എസ്.എഫ്.ഐ പ്രചാരണങ്ങളെ തുറന്നുകാട്ടി കാമ്പസിൽ പ്രഭാഷണം നടത്തി. മൊകേരി ഗവ. കോളേജിലെ തെരഞ്ഞെടുപ്പ് ഫലം ഏറെ തിളക്കമുള്ളതാണ്. സി.പി.എം പാർട്ടിഗ്രാമമായ മൊകേരിയിലെ എസ്.എഫ്.ഐ തടങ്കൽ പാളയമാണ് ഗവ. കോളേജ്. ഈ വർഷം തുടക്കത്തിൽ ഇവിടെ എസ്.ഐ.ഒ പ്രവർത്തകർ ഡി.വൈ.എഫ്.ഐ ആക്രമണത്തിന് വിധേയരായിരുന്നു. വർഷങ്ങളായി ജനാധിപത്യപരമായ യൂനിയൻ തെരഞ്ഞെടുപ്പുകൾ ഇവിടെ നടക്കാറില്ല. അതിനെ വെല്ലുവിളിച്ചുകൊണ്ടാണ് ഇക്കുറി എസ്.ഐ.ഒ മത്സരരംഗത്ത് വന്നത്. ഭയന്ന് നിർജീവരായി നിന്നിരുന്ന കെ.എസ്.യു പ്രവർത്തകരും പിന്നീട് മത്സരിക്കാൻ സന്നദ്ധരായി. എസ്.ഐ.ഒവിന്റെ പിന്തുണയോടെ കെ.എസ്.യു ചെയർമാൻ സ്ഥാനം നേടിയെടുത്തു. ബി.ബി.എ അസോസിയേഷനിൽ എസ്.ഐ.ഒ സ്ഥാനാർഥി മുസമ്മിൽ വിജയിച്ചു. വിജയിച്ച കെ.എസ്.യു സ്ഥാനാർഥിക്ക് ആഹ്ലാദ പ്രകടനം നടത്താൻ പറ്റിയില്ല! കേരളത്തിലെ 'എസ്.എഫ്.ഐ ഗ്വാണ്ടനാമോ' എന്നറിയപ്പെടുന്ന തിരുവനന്തപുരം യൂനിവേഴ്സിറ്റി കോളേജിൽ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിച്ച എസ്.ഐ.ഒ സ്ഥാനാർഥി അഫ്സൽ മികച്ച പ്രകടനം കാഴ്ച വെച്ചു. വോട്ട് ചെയ്യാനെത്തിയ പെൺകുട്ടികളെ എസ്.എഫ്.ഐ ഗുണ്ടകൾ ഭീഷണിപ്പെടുത്തി തിരിച്ചയച്ചു. മീറ്റ് ദ കാൻഡിഡേറ്റ് പരിപാടിയിൽ എസ്.ഐ.ഒ സ്ഥാനാർഥിയുടെ പ്രഭാഷണവും ക്ലാസ് പ്രസംഗങ്ങളും അലങ്കോലപ്പെടുത്താൻ എസ്.എഫ്.ഐ പ്രത്യേകം ടീമിനെ തയാറാക്കിയിരുന്നു. എസ്.ഐ.ഒ പ്രചാരണ ബോർഡുകൾ കത്തിച്ചു കൊണ്ടാണ് എസ്.എഫ്.ഐ അവരുടെ 'വിജയം' ആഘോഷിച്ചത്.

കാലിക്കറ്റ് യൂനിവേഴ്സിറ്റിക്ക് കീഴിലെ സ്വകാര്യ, സ്വാശ്രയ കോളേജുകളിൽ പലയിടങ്ങളിലും എസ്.ഐ.ഒ പ്രവർത്തകർ വിജയിച്ചിട്ടുണ്ട്. തൃശൂർ പ്രജോതി നികേതൻ കോളേജിൽ ചെയർമാൻ, കൊടുങ്ങല്ലൂർ അസ്മാബി കോളേജിൽ ഇംഗ്ലീഷ് അസോസിയേഷൻ സീറ്റുകൾ എസ്.ഐ.ഒ നേടി. പൊന്നാനി എം.ഇ.എസ്സിൽ നാല് അസോസിയേഷനുകൾ എസ്.ഐ.ഒ നേടി. തിരൂരങ്ങാടി പി.എസ്.എം.ഒ കോളേജിൽ ശക്തമായ മത്സരം നടന്ന എഡിറ്റർ സ്ഥാനത്ത് എസ്.ഐ.ഒ ജില്ലാ സമിതിയംഗം ഇ.എ മുഹമ്മദ് അസ്‌ലം തെരഞ്ഞെടുക്കപ്പെട്ടു. എസ്.ഐ.ഒ സ്ഥാനാർഥികൾ വിജയിച്ച മറ്റു കോളേജുകൾ: എടവണ്ണ ജാമിഅ നദ്‌വിയ്യ, (രണ്ട്) മഞ്ചേരി എച്ച്.എം കോളേജ് (രണ്ട്), മഞ്ചേരി യൂനിറ്റി വനിതാ കോളേജ് (ഒന്ന്), ഗവ. കോളേജ് മലപ്പുറം (ഒന്ന്), ഗവ.പി.ടി.എം കോളേജ് പെരിന്തൽമണ്ണ (ഒന്ന്), എം.ഇ.എ.എസ്.എസ് അരീക്കോട് (ഒന്ന്), ഒ.ഇ.ടി അറബിക് കോളേജ് എടയൂർ (ഒന്ന്), അൽ ഷിഫാ ഫാർമസി കോളേജ് (ഒന്ന്), ഫാറൂഖ് കോളേജ് (ഒന്ന്), കോഴിക്കോട് നാഷ്നൽ കോളേജ് ഓഫ് നഴ്സിംഗ് (ഒന്ന്), കൊല്ലം ടി.കെ.എം ആർട്സ് കോളേജ് (ഒന്ന്), കായംകുളം എം.എസ്.എം കോളേജ് (രണ്ട്). പാലക്കാട്, ചിറ്റൂർ ഗവ.കോളേജിൽ ആദ്യമായി മത്സരിച്ച എസ്.ഐ.ഒ എഡിറ്റർ, യു.യു.സി സ്ഥാനങ്ങളിൽ യഥാക്രമം 372, 212 വോട്ടുകൾ നേടി. കോഴിക്കോട് മീഞ്ചന്ത ഗവ. കോളേജിൽ എസ്.എഫ്.ഐ ഭീഷണിയെ ധിക്കരിച്ച് മത്സരിച്ച എസ്.ഐ.ഒ യു.യു.സി സ്ഥാനാർഥി 300 വോട്ടു നേടി.

എസ്.ഐ.ഒ ശക്തമായ സാന്നിധ്യമായ തിരൂർ ടി.എം.ജി കോളേജ്, മുക്കം എം.എ.എം.ഒ കോളേജ് എന്നിവിടങ്ങളിൽ എസ്.എഫ്.ഐ ആക്രമണങ്ങളെ തുടർന്ന് തെരഞ്ഞെടുപ്പ് നീട്ടിവെച്ചിരിക്കുകയാണ്. എഞ്ചിനീയറിംഗ്, മെഡിക്കൽ കോളേ

ജുകളിലും പിന്നീടാണ് തെരഞ്ഞെടുപ്പ്.

ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തിന് കേരളത്തിലെ കാമ്പസുകളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സ്വീകാര്യതയാണ് തെരഞ്ഞെടുപ്പ് ഫലത്തിൽ കാണുന്നതെന്ന് സംസ്ഥാന പ്രസിഡന്റ് സി.ദാവൂദ്, തെരഞ്ഞെടുപ്പ് കമ്മിറ്റി കൺവീനർ തൻവീർ മുഹ്‌യിദ്ദീൻ എന്നിവർ പ്രസ്താവനയിൽ പറഞ്ഞു. മതേതര ഭീകരതക്കും വർഗീയതക്കുമെതിരായ പ്രവർത്തനങ്ങൾ കാമ്പസിൽ ശക്തമായി തുടരാൻ ഈ വിജയം എസ്.ഐ.ഒവിന് വർധിച്ച ആത്മവിശ്വാസം നൽകുന്നുണ്ട്. നേരത്തേ നടന്ന എം.ജി, കണ്ണൂർ, സംസ്കൃത യൂനിവേഴ്സിറ്റി, പോളിടെക്നിക്ക് തെരഞ്ഞെടുപ്പുകളിലും ശ്രദ്ധേയമായ രീതിയിൽ ഇടപെടാൻ എസ്.ഐ.ഒവിന് സാധിച്ചിരുന്നു. കൊച്ചിൻ യൂനിവേഴ്സിറ്റിയിൽ എസ്.എഫ്.ഐ ഭീകരതക്കെതിരെ ശക്തമായ മുന്നേറ്റമാണ് കഴിഞ്ഞ മാസങ്ങളിൽ എസ്.ഐ.ഒ നടത്തിയത്. മതത്തെയും മതേതരത്വത്തെയും കുറിച്ച പഴയ പല്ലവികൾ ആവർത്തിച്ചുകൊണ്ടും ക്രൂരമായ ആക്രമണങ്ങൾ നടത്തിക്കൊണ്ടും ഇതിനെ നേരിടാമെന്നത് വിഡ്ഢിത്തം മാത്രമാണ്.

എസ്.ഐ.ഒ നേടിയെടുത്ത യൂനിയൻ സ്ഥാനങ്ങൾ ഏറ്റവും സർഗാത്മകമായി ഉപയോഗപ്പെടുത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. യൂനിയൻ ഭാരവാഹികൾക്ക് വേണ്ടിയുള്ള പ്രത്യേക ശിൽപശാല ഡിസംബർ 30-ന് നടക്കും. ■